സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം

**മേലെഴുത്ത് നമ്പർ:DTETVM/7721/2024-L1 (PLA ) തീയതി : #ApprovedDate#**

സൂചന : 28.02.2026 ലെ സ.ഉ(കൈ)നം.147/2026/HEDN നമ്പർ സർക്കാർ ഉത്തരവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ് വകുപ്പിൽ നിലവിലുള്ള 2 ഇൻസ്ട്രക്ടർ ഗ്രേഡ് 1 തസ്തികകളിൽ ഒന്നു ഇടുക്കി സർക്കാർ എഞ്ചിനീയറിങ് കോളേജിലേയ്ക്ക് സ്ഥിരമായി പുനർവിന്യസിപ്പിച്ച് കൊണ്ടുള്ള സൂചന ഉത്തരവ് ബന്ധപ്പെട്ട സ്ഥാപന മേധാവികളുടെ അറിവിലേയ്ക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു.

Digitally signed by
Jayaprakash P
Date: 23-03-2026
14:15:39

Dr JAYAPRAKASH P
DIRECTOR

പകർപ്പ്

1.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് (വെബ്സൈറ്റ് മുഖേന )
2.സൂപ്രണ്ട് , ഇസി സെക്ഷൻ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ വകുപ്പിലെ ഒരു ഇൻസ്ട്രക്ടർ ഗ്രേഡ് I (ഇലക്ട്രോണിക്സ്) തസ്തിക ഇടുക്കി സർക്കാർ എഞ്ചിനിയറിംഗ് കോളേജിലേക്ക് സ്ഥിരമായി പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.147/2026/HEDN തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ(പി) 102/2017/ധന
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 19.09.2024, തീയതിയിലെ L1/7721/2024/DTE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് വകുപ്പിൽ ഇൻസ്ട്രക്ടർ ഗ്രേഡ്-I (ഇലക്ട്രോണിക്സ്) തസ്തിക ഇല്ലാത്തത് വകുപ്പിന്റെ അക്കാദമിക്, ലാബ് പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ടി സാഹചര്യത്തിൽ, ഇൻസ്ട്രക്ടർ ഗ്രേഡ്-1 (ഇലക്ട്രോണിക്സ്)ന്റെ 2 സ്ഥിരം തസ്തികകൾ നിലവിലുള്ള കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നും ഒരു തസ്തിക ഇടുക്കി സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് സ്ഥിരമായി പുനർവിന്യസിക്കണമെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് വകുപ്പിൽ നിലവിലുള്ള രണ്ട് ഇൻസ്ട്രക്ടർ ഗ്രേഡ്-I (ഇലക്ട്രോണിക്സ്)-ന്റെ സ്ഥിരം തസ്തികകളിൽ ഒന്ന് ഇടുക്കി സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് സ്ഥിരമായി പുനർവിന്യസിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് എം

ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയിറിംഗ് കോളേജ്, ഇടുക്കി (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)

പ്രിൻ സിപ്പാൾ , രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം (സാങ്കേതിക



File No. DTETVM/7721/2024-L1 (PLA) (Computer No. 87144)

Generated from eOffice by Seema S, L1(PLA) DTE, L1 (PLA) DTE, DIRECTORATE OF TECHNICAL EDUCATION on 09/03/2026 01:12 PM

വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)
ധനകാര്യ വിദ്യാഭ്യാസ (സി) വകുപ്പ് (31.10.2025 ലെ EDN-C2/270/2025-FIN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

**Signed by Geetha Lekshmi. G**
**Date: 28-02-2026 12:29:28**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.



File No. DTETVM/7721/2024-L1 (PLA) (Computer No. 87144)
Generated from eOffice by Seema S, L1(PLA) DTE, L1 (PLA) DTE, DIRECTORATE OF TECHNICAL EDUCATION on 09/03/2026 01:12 PM